# രണ്ടിടങ്ങളിലായി 16 കിലോ കഞ്ചാവുമായി യുവാക്കൾ പിടിയിൽ

വാളയാർ: 10 കിലോഗ്രാം കഞ്ചാവുമായി കമ്പം സ്വദേശിയെ വാളയാർ അതിർത്തിയിൽനിന്ന് പാലക്കാട് ലഹരി വിരുദ്ധ സ്ക്വാഡ് പിടികൂടി. തമിഴ്നാട്, കമ്പം, തേനി സ്വദേശി അളക് രാജാ(27)ണ് പിടിയിലായത്. സംസ്ഥാന പൊലിസ് മേധാവിയുടെ മേൽനോട്ടത്തിൽ ജില്ലാ അടിസ്ഥാനത്തിൽ രൂപീകരിച്ച ഡാൻസാഫ് സ്ക്വാഡിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന പ്രത്യേക ഓപ്പറേഷന്റെ ഭാഗമായാണ് പരിശോധന നടത്തി വരുന്നത്.

പാലക്കാട് ജില്ല പൊലിസ് മേധാവി ശിവവിക്രമിന്റെ നിർദേശത്തെത്തുടർന്ന് നർകോട്ടിക് സെൽ ഡിവൈ.എസ്.പി ബാബു തോമസിന്റെ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്. പിടിച്ചെടുത്ത കഞ്ചാവിന് ചില്ലറ വിപണിയിൽ അഞ്ചുലക്ഷം രൂപയോളം വില വരും.

വാളയാർ, കഞ്ചിക്കോട്, പാലക്കാട് മേഖലകൾ കേന്ദ്രീകരിച്ച് ഇതരസംസ്ഥാന തൊഴിലാളികൾ, സ്കൂൾ, കോളജ് വിദ്യാർഥികൾ, എന്നിവർക്ക് വിൽപന നടത്താൻ കൊണ്ടുവന്നതാണ്. കമ്പത്തുനിന്ന് ബസ് മാർഗം വാളയാറെത്തി ഇടപാടുകാർക്ക് കൈമാറാൻ നിൽക്കുന്ന സമയത്താണ് പിടിയിലായത്.

ന്യൂ ഇയർ ആഘോഷത്തിനായി കേരളത്തിലേക്ക് വൻ തോതിൽ കഞ്ചാവു കടത്തുന്നതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് പരിശോധന ശക്തമാക്കിയത്. ഇയാളെ ഇന്ന് കോടതിയിൽ ഹാജരാക്കും.

പാലക്കാട് ഡിവൈ.എസ്.പി സാജു എബ്രഹാം, വാളയാർ സബ് ഇൻസ്പെക്ടർ മനോജ് ഗോപി, അനിൽകുമാർ, ഷാദുലി, ഹോം ഗാർഡ് സച്ചിദാനന്ദൻ, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ ജലീൽ, കിഷോർ, അഹമ്മദ് കബീർ, വിനീഷ്, ഷനോസ്, രാജീദ്, ഷമീർ എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്.

മലമ്പുഴ: ആറു കിലോഗ്രാം കഞ്ചാവുമായി കല്ലടിക്കോട് സ്വദേശികളായ മൂന്നു യുവാക്കളെ പാലക്കാട് ലഹരി വിരുദ്ധ സ്ക്വാഡ് പിടികൂടി. കല്ലടിക്കോട്, കരിമ്പ സ്വദേശികളായ പിടിയിലായത് ബിജു ബാബു (27), ബിനോയ് (24), മൃദുൽ (22) എന്നിവരെയാണ് ഇന്നലെ രാത്രി മലമ്പുഴ, പുല്ലുകുന്നം, മരിയ നഗർ പള്ളിക്കു സമീപത്തുനിന്നും വാഹന പരിശോധനക്കിടെ പിടികൂടിയത്.

പാലക്കാട് ജില്ലാ പൊലിസ് മേധാവി ശിവവിക്രമിന്റെ നിർദേശത്തെത്തുടർന്ന് നർകോട്ടിക് സെൽ ഡിവൈ.എസ്.പി ബാബു തോമസിന്റെ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്. പിടിച്ചെടുത്ത കഞ്ചാവിന് ചില്ലറ വിപണിയിൽ മൂന്നുലക്ഷം രൂപയോളം വില വരും.

Activate Windows
Go to Settings to activate Windows